**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5741** **08-07-2024 - ൽ മറുപടിയ്ക്ക്**

**2024 വർഷത്തെ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2024 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പ്രവേശനത്തിനായി എൻട്രൻസ് പരീക്ഷ നടത്തുന്നതിനായുള്ള നടപടികൾ എന്തായി എന്ന് വിശദമാക്കാമോ; പ്രസ്തുത കോഴ്സിലേക്കുള്ള 2024 വർഷത്തെ പ്രവേശനം എൻട്രൻസ് പരീക്ഷ മുഖാന്തിരമാണോ നടത്തുന്നതെന്ന് അറിയിക്കാമോ; | (എ) | **മുൻ വർഷങ്ങളിൽ നടന്നുവന്ന രീതിയിൽ 2024-25 അദ്ധ്യയന വർഷം സംസ്ഥാനത്തെ ബി.എസ്.സി. നേഴ്സിംഗ് കോഴ്സ് പ്രവേശനം** ഹയർ സെക്കൻഡറി പരീക്ഷയുടെ സ്കോറിനെ അടിസ്ഥാനമാക്കി നടത്താനുള്ള നടപടികളാണ് നടന്നു വരുന്നത്. |
| (ബി) | 2023 വർഷത്തിൽ സ്വകാര്യ നഴ്സിംഗ് കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റിൽ സ്വകാര്യ കോളേജുകൾ സ്വന്തം നിലയിൽ അഡ്മിഷൻ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (ബി) | 2023-24 അധ്യയന വർഷത്തെ ബി.എസ്.സി നേഴ്സിംഗ് കോഴ്സ് പ്രവേശനത്തിനായി 01.06.2023-ൽ പ്രോസ്പെക്ടസ് പ്രസിദ്ധീകരിക്കുകയും 15.10.2023 വരെ എൽ.ബി.എസ് സെന്റർ മുഖേന അലോട്ട്മെന്റ് നടത്തുകയും ചെയ്തു. 15.10.2023-ൽ അലോട്ട്മെന്റ് അവസാനിക്കുന്നതിനാൽ സർക്കാർ മെറിറ്റ് സീറ്റുകൾ ഒന്നുപോലും നഷ്ടപ്പെടാത്ത രീതിയിൽ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ മെറിറ്റ് സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് നടത്താൻ 07/10/2023- ൽ സർക്കാർ എൽ.ബി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം സ്വകാര്യ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റുകൾ എൽ.ബി.എസ് സെന്റർ മുഖേന നികത്തപ്പെടുന്നത് സർക്കാർ ഉറപ്പ് വരുത്തിയിരുന്നു. ഇത്തരത്തിൽ 14 അലോട്ട്മെന്റ് നടപടികളാണ് എൽ.ബി.എസ് നടത്തിയിട്ടുള്ളത്. തുടർന്ന് അവസാന എൽ.ബി.എസ് അലോട്ട്മെന്റിന് ശേഷം സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ സർക്കാർ മെറിറ്റ് സീറ്റുകളിൽ ഒഴിവുകൾ ഉണ്ടായാൽ പ്രസ്തുത സീറ്റുകൾ ലാപ്സാവാതിരിക്കാൻ വേണ്ടി പ്രവേശനം നടത്താൻ സ്വകാര്യ കോളേജ് മാനേജ്മെന്റുകൾക്ക് 21.10.2023 തീയതിയിലെ സ.ഉ (സാധാ) നം. 2768/2023/H&FWD പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ